നം.കെ.എസ്.എ.-കെ.ടി.എം.പി7- 1343/19 തീയതി : 26.08.2019.

# കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ **മുത്തോലി** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 20.07.2019ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ. ഷൈജു.എസ്, ഡെപ്യൂട്ടി ഡയറക്ടർ (ഹഗ്രേ)** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2019 മുതൽ 20.07.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. അനിതാകുമാരി കെ.എ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷാൻറി ജോർജ്ജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഉണ്ണിക്കൃഷ്ണൻ എം. | ഓഡിറ്റർ |
| | ശ്രീമതി. കൃഷ്ണപ്രിയ എസ്. | ഓഡിറ്റർ |

### നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി. ബീന ബേബി | 01.04.18 മുതൽ 29.06.18 വരെ |
| പ്രസിഡൻറ് | ശ്രീമതി. റൂബി ജോസ് | 30.06.18 മുതൽ 31.03.19 വരെ |

| | | |
|---|---|---|
| ചെയർമാൻ (ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീ. രാജൻ മുണ്ടമറ്റം | 01.04.18 മുതൽ 31.03.19 വരെ |
| ചെയർപേഴ്സൺ (വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീമതി. റൂബി ജോസ് | 01.04.18 മുതൽ 29.06.18 വരെ |
| ചെയർപേഴ്സൺ (വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീമതി. ബീന ബേബി | 30.06.18 മുതൽ 31.03.19 വരെ |
| ചെയർമാൻ (ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീ. സ്കറിയ ജോസഫ് | 01.04.18 മുതൽ 31.03.19 വരെ |
| ചെയർപേഴ്സൺ (ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീമതി. സന്ധ്യ ജി. നായർ | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീ. സജിത്ത് മാത്യൂസ് | 01.04.18 മുതൽ 25.06.18 വരെ |
| സെക്രട്ടറി (ഇൻ ചാർജ്ജ്) | ശ്രീ. ദേവേഷ് എസ്. | 26.06.18 മുതൽ 03.07.18 വരെ |
| സെക്രട്ടറി | ശ്രീ. ശ്രീകുമാർ എസ്. കൈമൾ | 03.07.18 മുതൽ 09.11.18 വരെ |
| സെക്രട്ടറി (ഇൻ ചാർജ്ജ്) | ശ്രീ. ദേവേഷ് എസ്. | 09.11.18 മുതൽ 24.11.18 വരെ |
| സെക്രട്ടറി | ശ്രീമതി. ലിറ്റി തോമസ് | 24.11.18 മുതൽ 31.03.19 വരെ |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. നിഷ മേരി സിറിയക് | 01.04.18 മുതൽ 31.03.19 വരെ |
| അസി.സെക്രട്ടറി | ശ്രീ. ദേവേഷ് എസ്. | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. തോംസൺ വി. ജോസ് | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ. സാജൻമോൻ കെ. ആൻറണി | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. അനീഷ് കെ. ഭദ്രൻ | 01.04.18 മുതൽ 19.09.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. ജിന്റു ഫിലിപ്പ് | 19.09.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. പുഷ്പാമ്മ കെ. എസ്. | 01.04.18 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ബിനീഷ് ബി. | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി. മീഡിയറാണി എസ്. | 01.04.18 മുതൽ 18.01.19 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ. അനിൽകുമാർ ഡി. | 18.01.19 മുതൽ 14.03.19 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി. കാർത്തിക പ്രിയദർശിനി എസ്. | 14.03.19 മുതൽ 31.03.19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ലതീഷ് കുമാർ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. കാഷ്മീര | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. സെലിൻ സൈമൺ | 01.04.18 മുതൽ 31.03.19 വരെ |

**ഉള്ളടക്കം**

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി -അവലോകനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികക്കണക്കുകളിലെ അപാകതകൾ |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-2 | റെസിഡൻസികൾ, ഹോസ്റ്റലുകൾ, ഹോംസ്റ്റേകൾ- പഞ്ചായത്തിലെ സവിശേഷ സാഹചര്യം പരിഗണിച്ച് ലൈസൻസ് ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിൽ വീഴ്ച |
| 2-3 | അർഹമായ ലൈസൻസ് ഫീ ഈടാക്കാത്തത് സംബന്ധിച്ച് |
| 2-4 | നടപടിക്രമങ്ങൾ പാലിച്ചില്ല |
| 2-5 | വസ്തുനികുതി അനർഹമായി ഒഴിവാക്കി നൽകി |
| 2-6 | അർഹമായ വസ്തുനികുതി ഈടാക്കുന്നില്ല |
| 2-7 | ലേലത്തുകയിന്മേൽ ചരക്ക് സേവനനികുതി – മുഴുവൻ തുകയും ഈടാക്കിയില്ല |
| 2-8 | മുത്തോലി ഷോപ്പിംഗ് കോംപ്ലക്സ് – കടമുറി നിഷ്ക്രിയമായി തുടരുന്നു |
| **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ദിവസവേതന അടിസ്ഥാനത്തിൽ ക്ലർക്കിനെ നിയമിച്ചത് ക്രമപ്രകാരമല്ല |
| 3-2 | കാലവർഷക്കെടുതി- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ തുകയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല |
| 3-3 | അരിയർ തുകകളിൽ നിന്നും എൻ.പി.എസ് പഞ്ചായത്ത് വിഹിതം ഈടാക്കിയിട്ടില്ല |
| 3-4 | നെയ്യൂർ കുടിവെള്ള പദ്ധതിക്ക് മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- അധിക തുക ചെലവഴിച്ചു |
| 3-5 | ഐ എസ് ഒ സർട്ടിഫിക്കേഷൻ – തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല |
| 3-6 | എസ്.സി സ്വാശ്രയ സംഘത്തിന് ശവസംസ്കരണപ്പെട്ടി വാങ്ങി നൽകൽ- നടപടിക്രമങ്ങൾ പാലിച്ചില്ല |
| 3-7 | പദ്ധതി ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ചു |
| 3-8 | വൃദ്ധർക്ക് പോഷകമരുന്ന് വിതരണം – പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |
| 3-9 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു |
| 3-10 | എൻ ആർ എച്ച് എം ആയുർവേദാശുപത്രിയുടെ അവസ്ഥ ശോചനീയം- അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 3-11 | ഹെഡ്മാസ്റ്റർ നടപ്പാക്കിയ പ്രോജക്ടുകൾ – അപാകതകൾ |
| 3-12 | വെള്ളിയേപ്പിള്ളി എൽ പിഎസ് കഞ്ഞിപ്പുര നിർമ്മാണം – പൂർത്തിയാക്കാത്ത കെട്ടിടത്തിന് ട്രസ് വർക്ക് |
| 3-13 | കാലിബാരലുകളുടെ വില ഈടാക്കിയിട്ടില്ല |
| 3-14 | കാലി ബാരലുകൾ വിലയോടൊപ്പം ജി എസ് റ്റി ഈടാക്കാത്തത് |
| 3-15 | ശബരിമല സ്പെഷ്യൽ ഗ്രാന്റ് വിനിയോഗിക്കാതെ അവശേഷിക്കുന്നു |
| 3-16 | പ്രത്യേക കന്നുകുട്ടി പരിപാലനം വനിതകൾക്ക് – വിനിയോഗവിവരങ്ങൾ ലഭ്യമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു |

| | |
|---|---|
| 3-17 | വിനിയോഗവിവരം ലഭിച്ചിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു |
| 3-18 | ലൈഫ് ഭവന പദ്ധതി അവലോകനം |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 14.03.2018 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 20.02.2019 തീയതിയിലെ 2/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 5819614.00 | 11476070.05 | 5656456.00 | |
| വരവ് | 55642842.00 | 60416328 | 4773486.00 | |
| ആകെ | 61462456.00 | 71892398.05 | 10429942.00 | |
| ചെലവ് | 53607618.00 | 49267053 | | 4340565.00 |
| നീക്കിയിരിപ്പ് | 7854838.00 | 22625345.05 | 14770507.00 | |

ബജറ്റിൽ പ്രതീക്ഷിത കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം വളരെ കൂടുതലാണ് എന്ന് മേൽ പട്ടികയിലെ വിശകലനത്തിൽ ബോധ്യമാകുന്നു. പ്രതീക്ഷിത വരവുചെലവ് കണക്കുകൾ യഥാർഥ തുകകളുമായി വളരെയേറെ അന്തരം വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കാതെയും ആവശ്യമായ മുന്നൊരുക്കം നടത്താതെയുമാണ് ബജറ്റ് തയ്യാക്കുന്നത് എന്ന് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ

പാലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബജറ്റ്/പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതിൽ മേൽപറഞ്ഞ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2019 | 14.05.2019 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-2019 | 17.06.2019 & 18.06.2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 08.07.2019ലെ കെ.എസ്.എ.കെ.ടി.എം.-പി7/916/2019 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11476070.05 |
| വരവ് | 60416328 |
| ആകെ | 71892398.05 |
| ചെലവ് | 49267053 |
| നീക്കിയിരിപ്പ് | 22625345.05 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12258807 | 12258807 | 11834085 | 424722 | 96.5 |
| | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | | 0 | 2940000 | 2940000 | 2940000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 0 | 0 | 0 | 0 | - |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 8723000 | 8723000 | 8723000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 2780000 | 2780000 | 2780000 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 6680093 | 6680093 | 3563524 | 3116569 | 53.3 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം, നിർമ്മൽ ഫണ്ട് | | 154000 | 500000 | 654000 | 0 | 654000 | 0 |
| ഐ സി ഡി എസ് (കേന്ദ്ര വിഹിതം) | | 704836 | 426700 | 1131536 | 166550 | 964986 | 14.7 |
| ശുചിത്വ മിഷൻ | | 2897 | 130000 | 132897 | 130000 | 2897 | 97.8 |
| എം.ജി.എൻ. ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 8327937 | 8327937 | 8327937 | 0 | 100 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 1037 | 40571 | 41608 | 34029.50 | 7578.50 | 81.78 |
| ജോയിന്റ് വെഞ്ച്വർ | | 3103923 | 1317858 | 4421781 | 1047331 | 3374450 | 23.7 |
| ബി ഫണ്ട് | | 0 | 21173840 | 21173840 | 21173840 | 0 | 100 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 8187530.05 | 12828330 | 21015860.05 | 11288897 | 9726963.05 | |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 54614 | 16193315 | 16247929 | 10193157 | 6054772 | |

## 1-6 പദ്ധതി അവലോകനം

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 1.3.19 ലെ ഉത്തരവു നം. 490/18/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 28.4.18 മുതൽ 7.5.18വരെ |
| ഭിന്നശേഷി ഗ്രാമസഭ | 4.6.18 |
| ബാലഗ്രാമസഭ | 15.06.18 |
| വികസനസെമിനാർ | 18.5.18 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 5,19,50,185 രൂപയും ആകെ ചെലവ് 3,69,59,640 രൂപയുമാണ്. ചെലവുശതമാനം 71. 12 സ്പിൽഓവർ പ്രോജക്ടുകളും 182 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 194 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 180 എണ്ണം

നടപ്പാക്കിയിട്ടുണ്ട്. വാർഷികപദ്ധതിയ്ക്ക് ലഭിച്ച വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ ഗണ്യമായ ചെലവുണ്ടായിട്ടുണ്ടെങ്കിലും ഇതരസ്രോതസ്സുകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| തനതുഫണ്ട് | 86,69,977 | 44,01,335 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 25,67,000 | 60,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 24,70,148 | 4,13,001 |

2018-19 വാർഷികപദ്ധതി രൂപീകരണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. എല്ലാ മേഖലകളിലും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പതിവു പ്രോജക്ടുകൾ എന്നതിലുപരി മാതൃകാപരമായതോ, എടുത്തുപറയത്തക്കതായോ ഉള്ള പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിനു ലഭിച്ച അവാർഡുതുക 15 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി വാർഷികപദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ ക്രിയാത്മകവും സൃഷ്ടിപരവുമായ പ്രോജക്ടുകൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടിയിരുന്നു. പഞ്ചായത്ത് ഓഫീസ് സൗരോർജ്ജവൽക്കരിക്കൽ പ്രോജക്ട് ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി മാലിന്യം നിക്ഷേപിക്കാൻ വ്യക്തിഗത പ്രോജക്ടായി ബിന്നുകൾ നൽകുകയാണ് ചെയ്തിട്ടുള്ളത്. പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം ലക്ഷ്യമാക്കി ഹരിതകർമ്മസേനയുടെ സഹായത്തോടെ പ്ലാസ്റ്റിക്ക്കൂടുകൾ ശേഖരിച്ച് ഷ്രെഡ്ഡിംഗ് യൂണിറ്റിലെത്തിക്കുന്നുണ്ട്. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിസെന്റർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ 121 പ്രോജക്ടുകളിൽ 114 എണ്ണം നടപ്പാക്കിയിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അതതുമേഖലയുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതിയും ശ്രദ്ധ പതിപ്പിച്ചിട്ടില്ല. പഞ്ചായത്തിലെ പടിഞ്ഞാറ്റിൻകരയിൽ പ്രവർത്തിക്കുന്ന ആയുർവേദാശുപത്രി ശോചനീയാവസ്ഥയിലാണെങ്കിലും മാറ്റിസ്ഥാപിക്കുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ ആരോഗ്യവിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവമായ ഇടപെൽ ഉണ്ടായിട്ടില്ല. മരാമത്തുപ്രവൃത്തികൾ നിശ്ചിതസമയപരിധിയ്ക്കകം പൂർത്തീകരിക്കുന്നുണ്ടെന്നും ഗുണനിലവാരം പുലർത്തുന്നുണ്ടെന്നും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ സ്കൂളുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തിയിട്ടില്ല. പുലിയന്നൂർ ഗവ.ന്യൂ എൽ പി സ്കൂളിന്റെ ഭൗതികസൗകര്യങ്ങൾ അപര്യാപ്തമാണെങ്കിലും ആയത് മെച്ചപ്പെടുത്തുന്നതിന് പ്രോജക്ടുകളൊന്നും നടപ്പാക്കിയിട്ടില്ല.

<u>നിർവ്വഹണോദ്യോഗസ്ഥരെ നിശ്ചയിക്കൽ - പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല</u>

പദ്ധതിമാർഗ്ഗരേഖപ്രകാരം പഞ്ചായത്തുകളിലെ എസ് സി പി, ടി എസ് പി പ്രോജക്ടുകളിൽ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ടുകളൊഴികെ ബാക്കിയെല്ലാ പ്രോജക്ടുകളും നിർവ്വഹണം നടത്തേണ്ടത് അസി.സെക്രട്ടറിയാണ്. എന്നാൽ എസ് സി പി ഫണ്ട് വിനിയോഗിച്ച നടപ്പാക്കിയ പട്ടികജാതിവിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്ന പ്രോജക്ടിന്റെ നിർവ്വഹണം സ്കൂൾ ഹെഡ്മാസ്റ്ററെയാണ് ഏല്പിച്ചത്. പദ്ധതിരൂപീകരണത്തിലും നിർവ്വഹണത്തിലും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിലുള്ള വീഴ്ച പരിഹാരനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല.

<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം

മുത്തോലി ഗ്രാമപഞ്ചായത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി ഗ്രാമസഭാ യോഗങ്ങൾ 02/10/2017 തീയതിയിൽ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത 170 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചു. ഇതിൽ 129 പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കി. 2018-19 വർഷം ആകെ 25361 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. ശരാശരി തൊഴിൽ ദിനങ്ങൾ 67. തൻവർഷം നടപ്പാക്കിയ പ്രവൃത്തികൾ പ്രധാനമായും താഴെ കൊടുത്തിരിക്കുന്നവയാണ്.

1.നേഴ്സറി നിർമ്മാണം

2.പടുതാക്കുളം നിർമ്മാണം

3.കിണർ നിർമ്മാണം

4.അംഗൻവാടി നിർമ്മാണം

5.മഴക്കുഴി നിർമ്മാണം

തൻവർഷത്തെ ആകെ രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ഭരണച്ചെലവ് | 259050.5 |
| അവിദഗ്ധ കൂലിച്ചെലവ് | 6938552 |
| വിദഗ്ദ്ധ കൂലിച്ചെലവ് | 169050 |
| സാധനവില | 961314 |
| 100 ദിവസം തൊഴിൽ പൂർത്തിയാക്കിയവർക്കുള്ള അലവൻസ് | 34000 |
| **ആകെ** | **8361966.5** |

**സംക്ഷിപ്ത വരവ്/ചെലവ് വിവരം**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8068916 | 8068916 | 8068916 | 0 |
| ക്യാഷ് | 1037 | 299592 | 300629 | 293050.5 | 7578.5 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22440 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 1981100 | 474 |
| വിധവാപെൻഷൻ | 4883600 | 1137 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 12139100 | 2595 |
| വികലാംഗപെൻഷൻ | 1828600 | 418 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 319000 | 75 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

**മുത്തോലി** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2019 തീയതിയിൽ 3:02 പി.എം.-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 120 രൂപയുടെ പണം നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ച പഞ്ചായത്ത് എന്ന നിലയിലുള്ള കാര്യക്ഷമത ആഭ്യന്തരനിയന്ത്രണസംവിധാനത്തിൽ ദൃശ്യമല്ല. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. സെക്ഷനുകൾ ചെയ്യുന്ന ജോലികൾ കൃത്യമായി നിരീക്ഷിക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും ചെയ്യുന്ന മേൽനോട്ടസംവിധാനം കാര്യക്ഷമമാക്കേണ്ടതുണ്ട്. രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകളും സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയലുകളും കൃത്യമായി ചിട്ടപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഫയലുകളോടൊപ്പം ആവശ്യമായ അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല.

നികുതികൾ പിരിച്ചെടുക്കുന്നതിലും വരുമാനം വർദ്ധിപ്പിക്കുന്നതിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ചെലവുകൾ നിയന്ത്രിക്കുന്ന കാര്യത്തിൽ സൂക്ഷ്മത പുലർത്തിയിട്ടുണ്ട്. വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ മേൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റികളുടെ സജീവമായ ഇടപെടൽ ഉണ്ടായിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൗതികസൗകര്യങ്ങളുടെ കാര്യത്തിൽ അതതു മേഖലയുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റികൾ ശ്രദ്ധപതിപ്പിച്ചിട്ടില്ല. ആയുർവേദാശുപത്രിയുടെ അവസ്ഥ ശോചനീയമാണെങ്കിലും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയോ മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.04.2019 | 02/2019-03/2019 | ലഭ്യമായിട്ടില്ല |
| | | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.01.2016 | 2010-11 മുതൽ 2014-15 വരെ | LBA(HQ)II/8A-2381/182 തീയതി 09.03.2016 |
| | | | |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകളും വിശദമായ പരിശോധനയിൽ കണ്ടെത്തിയ അപാകതകളും ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ, വാർഷിക കണക്കിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.
2. സ്ഥിര ആസ്തികളുടെ (ഭൂആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് മാനുവൽ/ ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക് ഷീറ്റിൻെറ അഭാവത്തിൽ വ്യക്തമല്ല.
3. വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. (ഇതിനുള്ള അക്കൗണ്ട് ശുദ്ധീകരണ (Purification) നടപടികൾ പൂർത്തിയായിട്ടില്ല).
4. ലൈഫ് ഭവനപദ്ധതിക്ക് വി.ഇ.ഓ യുടെ രജിസ്റ്റർ പ്രകാരം ലോൺ ഇനത്തിൽ 1136142/- രൂപ വരവും ചെലവും ഉള്ളപ്പോൾ സെക്വേർഡ് ലോൺ ഇനത്തിൽ 1604181/- രൂപ വരവ് രേഖപ്പെടുത്തിയാണ് വാർഷിക കണക്ക് തയ്യാറാക്കിയിട്ടുള്ളത്. (ശുചിത്വമിഷൻ നല്കിയ തുകയാണെന്ന് അറിയിച്ചിട്ടുണ്ട്).
5. RP-34 ൽ സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് വരവായി രേഖപ്പെടുത്തിയിരിക്കുന്നത് 66919/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം വരവ് 95819/- രൂപയാണ്.
6. തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തി I-16 ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.
7. 2017-18 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 1072832/- രൂപ പണി പൂർത്തീകരിക്കാത്തതും പാർട്ട് ബിൽ നല്കിയതും ആയ തുക ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ഹെഡിൽ ചേർത്തിട്ടില്ല എന്ന് പരാമർശിച്ചിരുന്നു. പ്രസ്തുത തുക സംബന്ധിച്ച ക്രമീകരണങ്ങൾ നടത്തിയിട്ടില്ല. കൂടാതെ തൻവർഷത്തെ നീക്കിയിരിപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല.
8. ബി4 ഷെഡ്യൂളിൽ നീക്കിയിരിപ്പുള്ള വിവിധ തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടില്ല.
9. തൊഴിൽ നികുതി ട്രേഡേഴ്സ് അക്രൂവൽ രേഖപ്പെടുത്താതെ തൻവർഷ വരവ് ഡിമാന്റായി രേഖപ്പെടുത്തുന്നത് മൂലം കുടിശിക തുക കണക്കിൽ പ്രതിഫലിക്കുന്നില്ല.
10. ബി7 ഷെഡ്യൂൾ മുൻ വർഷങ്ങളിൽ നിന്നും ക്യാരി ഓവർ ചെയ്തു വരുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. പല തുകകളും കാലഹരണപ്പെട്ടതും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാവുന്നതുമാണ്.

11. റോഡ് കട്ടിംഗിന് 35000/- രൂപ തൻവർഷം വരവുണ്ട്. എന്നാൽ RP34 ൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.

12. തനത് ഫണ്ട് പലിശ വരവ് രേഖപ്പെടുത്തേണ്ട ആർ.പി9 ഷെഡ്യൂളിൽ എല്ലാ അക്കൗണ്ടുകളുടെയും പലിശ രേഖപ്പെടുത്തിയിരിക്കുന്നു.

13. പ്രോ.നം 152/2018 പ്രകാരം 75048/- രൂപ ലൈൻ ദീർഘിപ്പിക്കലിനായി ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ബി18 ഷെഡ്യൂളിൽ വന്നിട്ടില്ല.

14. B9 ഷെഡ്യൂളിൽ 350800299, 350200102ശീർഷകങ്ങളിൽ ബുക്ക് ചെയ്തിരിക്കുന്ന തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടില്ല.

15. ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ റവന്യൂവരവ്/ചെലവ് മാത്രം ഉൾപ്പെടുത്തുമ്പോൾ ആസ്തി നിർമ്മാണത്തിന് ചെലവഴിച്ച തുക വേർതിരിച്ച് മാറ്റിയിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയില്ല

(1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | പി.എച്ച്.സി, കരൂർ | I, II |
| 2. | എസ്.ആർ.ജി ഇൻഡസ്ട്രീസ് | II |

(2) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ, പുലിയന്നൂർ | I, II |
| 2. | മേമന ഫൈനാൻസിയേഴ്സ് | II |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 2018 -19 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.05/18.07.2019), തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി സെക്രട്ടറി ലഭ്യമാക്കി. തുക സ്വീകരിച്ച് രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 റെസിഡൻസികൾ, ഹോസ്റ്റലുകൾ, ഹോംസ്റ്റേകൾ

## -പഞ്ചായത്തിലെ സവിശേഷ സാഹചര്യം പരിഗണിച്ച് ലൈസൻസ് ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിൽ വീഴ്ച

ബ്രില്യന്റ് സ്റ്റഡി സെന്റർ, മുത്തോലി (എഞ്ചിനീറിംഗ് & മെഡിക്കൽ എൻട്രൻസ് കോച്ചിംഗ് സെന്റർ) എന്ന സ്ഥാപനത്തിൽ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും, സംസ്ഥാനത്തിന് പുറത്തുനിന്നുമായി ഒട്ടനവധി വിദ്യാർഥികൾ വന്ന് താമസിച്ച് പഠിക്കുന്ന അവസ്ഥയാണുള്ളത്. മുത്തോലി ഗ്രാമ പഞ്ചായത്ത് വാർഡ് V (പുലിയന്നൂർ തെക്ക്) - ൽ സ്ഥിതി ചെയ്യുന്ന ടി സ്റ്റഡി സെന്ററിന്റെ സമീപത്തും പ്രാന്തപ്രദേശങ്ങളിലുമായി ധാരാളം റെസിഡൻസികൾ, ഹോസ്റ്റലുകൾ, ഹോംസ്റ്റേകൾ, ഉടമസ്ഥരുടെ തന്നെ വാസഗൃഹങ്ങളോട് അനുബന്ധമായി തയ്യാറാക്കിയിട്ടുള്ള താമസഭക്ഷണ ക്രമീകരണങ്ങൾ ഉൾപ്പെടെയുള്ളവ (പരിമിതമായ സൗകര്യത്തോടെയുള്ളവയും, മറിച്ച് എയർകണ്ടീഷനിംഗ് യൂണിറ്റുകൾ, പാർക്കിംഗ് അടക്കമുള്ള ആഡംബര സൗകര്യങ്ങളോടുകൂടിയവയും) പ്രവർത്തിക്കുന്നു എന്നത് വസ്തുതയാണ്. വിദ്യാഭ്യാസാവശ്യത്തിനായി കുട്ടികൾ താമസിച്ച് പഠിക്കുന്നു എന്നത് വസ്തുതയാണെങ്കിലും, ടി സ്ഥാപനങ്ങൾ കുട്ടികളിൽ നിന്നും വാടകയിനത്തിൽ വൻതുകയാണ് ഈടാക്കുന്നത്. ഈ രീതിയിൽ പ്രവർത്തിക്കുന്ന താമസസ്ഥലങ്ങളിൽ, ഉടമസ്ഥർ കുട്ടികൾക്കായി വെള്ളം, വൈദ്യുതി, കട്ടിലുകൾ, ബെഡ് തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമെ ഭക്ഷണവും (പ്രധാന സമയങ്ങളിലെ ഭക്ഷണത്തിന് പുറമെ ചായയും ലഘുഭക്ഷണവും അടക്കം) നൽകി വരുന്നു. അക്ഷരാർത്ഥത്തിൽ ഉടമസ്ഥർ ഇവിടെ സേവനദാതാക്കളായി മാറുന്നു. ഈ സ്ഥാപനങ്ങൾ, ഒരു കുട്ടിയിൽ നിന്നും ശരാശരി 6000/- രൂപ മുതൽ 8000/- രൂപ വരെ പ്രതിമാസ വാടകത്തുക ഈടാക്കുന്നതായി ഓഡിറ്റിന് പ്രാദേശികമായി ലഭ്യമായ വിവരങ്ങളിൽ നിന്നും വ്യക്തമായിട്ടുണ്ട്. ആ നിലയിൽ കുട്ടികളുടെ വിദ്യാഭ്യാസ താമസ ആവശ്യങ്ങൾ നിറവേറുന്നു എന്നതിനൊപ്പം തന്നെ, സമാന്തരമായി വൻ ബിസ്സിനസ്സ് സാധ്യതയാണ് തദ്ദേശിയർ രൂപപ്പെടുത്തിയിട്ടുള്ളത്. മൂലധന നിക്ഷേപം, വാർഷിക വിറ്റുവരവ്, സേവനം നൽകൽ തുടങ്ങിയവയെല്ലാം ഉൾപ്പെട്ടുകിടക്കുന്ന ഒരു സംരംഭക മേഖലയായി, പഞ്ചായത്ത് ഈ സ്ഥാപനങ്ങളെ വിലയിരുത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. ബിസ്സിനസ്സ് സംരംഭങ്ങൾ ഉണ്ടാകേണ്ടതും പഞ്ചായത്തിലുൾപ്പെട്ട വിവിധ പ്രദേശങ്ങളിൽ വികസനം ഉണ്ടാകേണ്ടതും ആവശ്യം തന്നെയെന്നിരിക്കെ , അർഹമായ ലൈസൻസ് തുക ഈടാക്കേണ്ടതും പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനുതകുന്ന സത്വര നടപടികൾ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു. വിഷയം സംബന്ധിച്ച് പഞ്ചായത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഒട്ടനവധി സ്ഥാപനങ്ങളിൽ ചിലതിന്റെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വൈപ്പന ലാഫിയ

2) റസിഡൻസ് കുറുമുണ്ട

3) നടയ്ക്കൽ റസിഡൻസി

4) മുണ്ടമറ്റം റസിഡൻസി

5) ഏയ്ഞ്ചലീയോ റസിഡൻസി

6) ബ്ലൂബെൽസ് റസിഡൻസി

7) റോസ് വില്ല

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഈ രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി, അവയുടെ വരുമാന വ്യാപ്തി, മൂലധന നിക്ഷേപം തുടങ്ങിയവ സംബന്ധിച്ച് വ്യക്തമായ അന്വേഷണവും പരിശോധനയും നടത്തി, ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (12/18.07.2019) കേരള പഞ്ചായത് രാജ്-ലൈസൻസ് ചട്ടങ്ങൾ -ചട്ടം (3) പ്രകാരമുള്ള പട്ടിക - 1 ൽ ഹോസ്റ്റൽ, ഹോംസ്റ്റേ, എന്നിവ ഉൾപ്പെടുത്തിക്കിട്ടുമെന്ന് പ്രതീക്ഷിക്കുന്നതായും ആയതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നുമുള്ള (പ്രൊപ്പോസൽ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല) മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത വിഷയം ഇതര പഞ്ചായത്തുകളിൽ നിന്നും വിഭിന്നമായി മുത്തോലി ഗ്രാമ പഞ്ചായത്തിന് കൂടുതൽ ബാധകമാകുന്ന വിഷയമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ, പഞ്ചായത്തിന്റെ തനത് വരുമാനത്തിലുണ്ടാകാവുന്ന വർധന സാധ്യത പ്രതീക്ഷിച്ചുകൊണ്ട്, ഇതൊരു പ്രത്യേക വിഷയമായി പരിഗണിച്ച്, ആവശ്യമെങ്കിൽ നിലവിലുള്ള ലൈസൻസ് ചട്ടങ്ങളിൽ ഇളവുകൾക്കോ കൂട്ടിച്ചേർക്കലുകൾക്കോ വേണ്ടി, സർക്കാരിന്റെ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ വിഷയം ഉന്നയിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്തുനിന്നും അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്. നടപടികൾ സ്വീകരിച്ച്, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 അർഹമായ ലൈസൻസ് ഫീ ഈടാക്കാത്തത് സംബന്ധിച്ച്

2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ അർഹമായ ലൈസൻസ് ഫീ ഈടാക്കുന്നില്ലെന്നാണ് വ്യക്തമാകുന്നത്. അപേക്ഷകർ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തുന്ന ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് തുകകൾ യാഥാർത്ഥ്യവുമായി ബന്ധമില്ലാത്തതാണ് എന്നിരിക്കെ ലൈസൻസ് തുക നിർണ്ണയിക്കുന്നതിന് ആയത് ആധാരമാക്കുമ്പോൾ തന്നെ സ്ഥാപനത്തിന്റെ സ്ഥലപരിശോധന, സ്ഥാപനത്തിന്റെ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ്, വാർഷിക വിറ്റുവരവ്, വ്യാപാരശേഷി, മറ്റു രേഖകൾ എന്നിവ പരിശോധിച്ച് അർഹമായ ലൈസൻസ് തുക ഈടാക്കേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തിയ പല സ്ഥാപനങ്ങളുടെ ലൈസൻസ് വിശാദാംശങ്ങളിൽ, ചിലത് ചുവടെ ഉദാഹരിക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര്/ വ്യവസായം | വാർഡ്/ കെട്ടിട നം. | അപേക്ഷ പ്രകാരമുള്ള മെഷിനറി (Hp) | അപേക്ഷ പ്രകാരമുള്ള ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|---|---|---|
| 1. | A4-1481/18/ | എസ്.ആർ.ജി ഇൻഡസ്ട്രീസ് | VII/372 | 13 | 24500/- | 500/- |

| | | | | | | |
|---|---|---|---|---|---|---|
| | 17.03.2018 | (സോളിഡ് ബ്രിക്സ് നിർമ്മാണം) | | | | |
| 2. | A4-1089/18/ 28.02.2018 | റോസ് ഇന്റർലോക്സ് ബ്രിക്സ് (ഇന്റർലോക്സ് ഡിസൈനർ ടൈൽ നിർമ്മാണം, വിൽപ്പന) | XII/379 | 34 | 6000/- | 600/- |

വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (08/18.07.2019) നൽകുകയും ടി സ്ഥാപനങ്ങളിൽ നിന്നും അർഹമായ ലൈസൻസ് ഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ക്രമ നം. (1): 2000/- രൂപ - രസീത് നം. 119010100826 / 20.07.2019
ക്രമ നം. (2):1900/- രൂപ - രസീത് നം. 119010100825 / 20.07.2019

തുടർ വർഷങ്ങളിൽ അപാകതകൾ ഒഴിവാക്കി ലൈസൻസ് നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

## 2-4 നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| സ്ഥാപനം | M/s സെന്റ് തോമസ് ബ്രിക്ക്സ് |
| കെട്ടിടം/വാർഡ് നം. | VII / 7 |
| വ്യവസായം | സിമന്റ് ബ്രിക്സ് നിർമ്മാണം |
| സ്ഥാപന ഉടമ | തോമസ് അബ്രഹാം, പന്തനാനിയിൽ<br>വെള്ളിയേപ്പള്ളി പി.ഒ. പാലാ |

മേൽപറഞ്ഞ സ്ഥാപനത്തിന് 06.03.2018 ലെ എ4 - 1210/2018 നം. പ്രകാരം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ ടി സ്ഥാപനത്തിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതിയുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓൺ ലൈൻ പേമെന്റ് റസീപ്റ്റിന്റെ ഒരു പകർപ്പ് മാത്രമാണ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളത്. ഓൺ ലൈൻ പേമെന്റ് റസീപ്റ്റിന്റെ പകർപ്പ് താൽകാലികമായി പരിഗണിച്ച്, സർട്ടിഫിക്കറ്റ് ലഭിക്കുമ്പോൾ ഹാജരാക്കണമെന്ന വ്യവസ്ഥയിൽ ലൈസൻസ് അനുവദിച്ചതാണെന്ന അന്വേഷണക്കുറിപ്പിന് (07/18.07.2019) മറുപടി സമർപ്പിച്ചിട്ടുണ്ട്. ടി നടപടി ചട്ട വിരുദ്ധമാണ്. ബന്ധപ്പെട്ട ഏജൻസികളുടെ അനുമതി പത്രങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതും ആയത് പരിശോധനവിധേയമാക്കിയതിന് ശേഷം മാത്രം ലൈസൻസ് അനുവദിച്ച് നൽകേണ്ടതുമാണ്. തുടർ വർഷങ്ങളിൽ അപാകതകൾ ഒഴിവാക്കി നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-5 വസ്തു നികുതി അനർഹമായി ഒഴിവാക്കി നൽകി

| വാർഡ് നം./ കെട്ടിട നം. | കെട്ടിടം | കെട്ടിട ഉടമ | ഉപയോഗക്രമം |
|---|---|---|---|
| VIII / 384 | സെന്റ്. ആന്റണീസ് ചർച്ച് പാരിഷ് ഹാൾ | വികാരി, സെന്റ്. ആന്റണീസ് ചർച്ച് | ആരാധനാലയങ്ങൾ |

പ്രസ്തുത നമ്പറിലുള്ള കെട്ടിടത്തെ, 'ആരാധനാലയങ്ങൾ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ സഞ്ചയ വെബ് പോർട്ടലിൽ ലഭ്യമല്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (11/18.07.2019), പ്രസ്തുത നമ്പറിലുള്ള പാരിഷ് ഹാൾ ചർച്ചിനോട് ചേർന്നിട്ടുള്ളതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആരാധനാസ്ഥലങ്ങൾക്ക് മാത്രമാണ് ചട്ടപ്രകാരം നികുതിയിളവ് നൽകിയിട്ടുള്ളത്. പാരിഷ് ഹാളുകളെ വസ്തു നികുതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കി നൽകിയത് കേരള പഞ്ചായത്ത് രാജ് - വസ്തുനികുതി ചട്ടങ്ങളുടെ ലംഘനമാണ്. ടി പാരിഷ് ഹാളിന്റെ സ്ഥല പരിശോധന നടത്തി, ശരിയായ 'ഉപയോഗക്രമത്തിൽ' ഉൾപ്പെടുത്തി അർഹമായ വസ്തു നികുതി ഈടാക്കേണ്ടതാണ്. നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-6 അർഹമായ വസ്തു നികുതി ഈടാക്കുന്നില്ല

മുത്തോലി ഗ്രാമ പഞ്ചായത്ത് വാർഡ് V (പുലിയന്നൂർ തെക്ക്) - ൽ സ്ഥിതി ചെയ്യുന്ന ബ്രില്യന്റ് സ്റ്റഡി സെന്റർ, മുത്തോലി (എഞ്ചിനീറിംഗ് & മെഡിക്കൽ എൻട്രൻസ് കോച്ചിംഗ് സെന്റർ) എന്ന സ്ഥാപനത്തിൽ പഠിക്കുന്ന കുട്ടികൾക്ക്, താമസ ഭക്ഷണ സൗകര്യം നല്കുന്നതിലേക്കായി പഞ്ചായത്തിലെ വിവിധ വാർഡുകളിലുൾപ്പെട്ട കെട്ടിട ഉടമകൾ തങ്ങളുടെ വാസഗൃഹങ്ങളോട് ചേർന്നും, രണ്ടും മൂന്നും നിലകളിലുമായി ഹോസ്റ്റൽ, ഹോംസ്റ്റേ, റസിഡൻസികൾ ഇവയുടെ പ്രവർത്തനം നടത്തുന്നത് വ്യാപകമാണ്. എന്നാൽ ഇവയിൽ ഭൂരിഭാഗം കെട്ടിടങ്ങളും 'പാർപ്പിടാവശ്യം – വീടുകൾ' എന്ന ഉപയോഗക്രമത്തിലാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. സഞ്ചയ വെബ് പോർട്ടലിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | കെട്ടിട ഉടമ |
|---|---|---|
| 1. | IV<br>361, 362, 363, 364, 365, 366 | അനിൽ കുമാർ<br>പാലക്കിയിൽ, പുലിയന്നൂർ |
| 2. | IV<br>139 A, B, C, D, E | ശ്രീകുമാർ<br>പാലക്കിയിൽ, പുലിയന്നൂർ |
| 3. | V<br>296, 297, 298, 299, 300, 301, 302 | മാത്യു ഫീലിപ്പോസ്<br>കുറുമുണ്ടയിൽ, പുലിയന്നൂർ |
| 4. | V<br>236 A, B, C, D | ജനാർദ്ദനൻ നായർ<br>മുളയ്ക്കൽ, പുലിയന്നൂർ |

| | | |
|---|---|---|
| 5. | III<br>121, 121 A | പത്മരാജ്, പുത്തൂർ<br>പുലിയന്നൂർ |

പ്രസ്തുത കെട്ടിടങ്ങൾ കേവല ഉദാഹരണങ്ങൾ മാത്രമാണ്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ഒട്ടനവധി കെട്ടിടങ്ങളാണ് ഈ രീതിയിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമായിട്ടുണ്ട്. ശരിയായ ഉപയോഗക്രമം നിശ്ചയിച്ച് നികുതി നിർണ്ണയം നടത്താത്തതിനാൽ നികുതി ചോർച്ചയുണ്ടാവുകയും പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വൻകുറവ് സംഭവിക്കുകയും ചെയ്യുന്നു. പഞ്ചായത്തുപരിധിയിൽ ഈ രീതിയിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള പട്ടിക തയ്യാറാക്കി, ശരിയായ ഉപയോഗക്രമം (ആവശ്യമെങ്കിൽ പ്രത്യേക നമ്പറിംഗ് നൽകി) നിശ്ചയിച്ച് നികുതി നിർണ്ണയം നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പരിഗണനയ്ക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 2-7 ലേലത്തുകയിന്മേൽ ചരക്ക് സേവന നികുതി - മുഴുവൻ തുകയും ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലുൾപ്പെട്ട കടപ്പാട്ടൂർ അംഗൻവാടി പഴയ കെട്ടിടം ലേലം ചെയ്തു നൽകിയ ഇനത്തിൽ, ലേലത്തുകയിന്മേൽ ചരക്ക് സേവന നികുതിയിനത്തിൽ മുഴുവൻ തുകയും ഈടാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേല തീയതി | ലേലം സ്ഥിരപ്പെടുത്തി നൽകപ്പെട്ട വ്യക്തിയുടെ പേരും വിലാസവും | ലേലം ചെയ്ത ഇനം | ലേല തുക | ഈടാക്കേണ്ട ചരക്ക് സേവന നികുതി തുക |
|---|---|---|---|---|---|
| 1. | 21.12.2018 | സിബി. സി. കെ ചെറുകാട്ട് കടപ്പാട്ടൂർ | കടപ്പാട്ടൂർ അംഗൻവാടി പഴയ കെട്ടിടം | 10,500/- | 1,890/- |
| | | | ആകെ | 10,500/- | 1,890/- |

പ്രസ്തുത ലേലത്തുകയിന്മേൽ 18% ചരക്ക് സേവന നികുതി ബാധകമാണെന്ന് പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുള്ള ലേല പരസ്യത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ടിയാളിൽ നിന്നും ലേലത്തുകയുടെ 18% ചരക്ക് സേവന നികുതി തുകയായ 1890/- രൂപയിൽ, 1260/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 630/- രൂപ ചരക്ക് സേവന നികുതി ഇനത്തിൽ ഈടാക്കി ഒടുക്കേണ്ടതും രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-8 മുത്തോലി ഷോപ്പിംഗ് കോംപ്ലക്സ് - കടമുറി നിഷ്ക്രിയമായി തുടരുന്നു

ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട മുത്തോലി ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നം. IV/39 (റൂം

നം. II) 2018-19 വർഷക്കാലം കുത്തകക്കാർ ഇല്ലാതെ ഒഴിഞ്ഞുകിടന്ന അവസ്ഥയാണുണ്ടായിരുന്നത്. ലേല പുനർലേല നടപടികൾ സ്വീകരിച്ചെങ്കിലും, ആരുംതന്നെ പങ്കെടുത്തിരുന്നില്ലെന്നാണ് ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമാകുന്നത്. ഒരുവർഷക്കാലം മുറി നിഷ്ക്രിയമായി നിലനിർത്തിയതിനാൽ, പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ 86,856/- രൂപയോളം (7238 രൂപ x 12മാസം) നഷ്ടം സംഭവിച്ചിരിക്കുകയാണ്. പ്രതിമാസ വാടക തുക കൂടുതലായതിനാൽ ലേല പുനഃലേല നടപടികളിൽ ആരും പങ്കെടുത്തിരുന്നില്ലെന്നും തുടർന്നും ലേല നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/18.07.2019) മറുപടി നൽകിയിട്ടുണ്ട്. ലേല നടപടികൾ പൂർത്തീകരിച്ച്, വ്യക്തമായ വാടക കരാർ അടിസ്ഥാനത്തിൽ കുത്തകക്കാരന് കടമുറി കൈമാറ്റം ചെയ്ത്, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ദിവസവേതന അടിസ്ഥാനത്തിൽ ക്ലർക്കിനെ നിയമിച്ചത് ക്രമപ്രകാരമല്ല

2018-19 സാമ്പത്തിക വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ മുത്തോലി ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗത്തിൽ ക്ലർക്കായി ദിവസവേതന അടിസ്ഥാനത്തിൽ ശ്രീമതി. ശ്രീലത പി.എസ്. എന്ന വ്യക്തിയെ നിയമിക്കുകയും ടിയാൾക്ക് താഴെ പറയും പ്രകാരം വേതനം നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | നൽകിയ വേതനം (രൂപ) | ദിവസ വേതന നിരക്ക് (രൂപ) | ജോലിയ്ക്ക് ഹാജരായ ദിവസങ്ങൾ | വൗച്ചർ നം./ തീയതി | കാലയളവ് |
|---|---|---|---|---|---|
| 1 | 17040 | 710 | 24 | 21800031 തീ: 10.04.18 | മാർച്ച് 2018 |
| 2 | 17040 | 710 | 24 | 21800087 തീ: 16.05.18 | ഏപ്രിൽ 2018 |
| 3 | 17750 | 710 | 25 | 21800166 തീ: 19.06.18 | മെയ് 2018 |
| 4 | 17040 | 710 | 24 | 21800241 തീ: 12.07.18 | ജൂൺ 2018 |
| 5 | 17040 | 710 | 24 | 21800283 തീ: 04.08.18 | ജൂലായ് 2018 |
| 6 | 13490 | 710 | 19 | 21800399 തീ: 17.09.18 | ആഗസ്റ്റ് 2018 |

| ക്രമ നമ്പർ | നൽകിയ വേതനം (രൂപ) | ദിവസ വേതന നിരക്ക് (രൂപ) | ജോലിയ്ക്ക് ഹാജരായ ദിവസങ്ങൾ | വൗച്ചർ നം./ തീയതി | കാലയളവ് |
|---|---|---|---|---|---|
| 1 | 17040 | 710 | 24 | 21800031 തീ: 10.04.18 | മാർച്ച് 2018 |
| 7 | 14910 | 710 | 21 | 21800450 തീ: 12.10.18 | സെപ്റ്റംബർ 2018 |
| 8 | 14910 | 710 | 21 | 21800450 തീ: 16.11.18 | ഒക്ടോബർ 2018 |
| 9 | 13490 | 710 | 19 | 21800686 തീ: 15.12.18 | നവംബർ 2018 |
| 10 | 16330 | 710 | 23 | 21800742 തീ: 05.01.19 | ഡിസംബർ 2018 |
| 11 | 14910 | 710 | 21 | 21800898 തീ: 02.02.19 | ജനുവരി 2019 |
| 12 | 16330 | 710 | 23 | 21801033 തീ: 05.03.19 | ഫെബ്രുവരി 2019 |
| **ആകെ** | **190280** | | **268** | | |

മുത്തോലി ഗ്രാമപഞ്ചായത്ത് ഓഫീസിലും ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗത്തിലും ഈ കാലയളവിൽ ക്ലർക്ക് തസ്തിക ഒഴിവില്ലാത്തതാണ്. എൽ.എസ്.ജി.ഡി. വിഭാഗത്തിൽ ഒരു ഓവർസിയറുടെ ഒഴിവ് ആണുള്ളത്. ഇപ്രകാരം ഒരു ക്ലർക്കിനെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/18.07.2019) കരൂർ-മുത്തോലി അസിസ്റ്റൻറ് എഞ്ചിനീയർ, എൽഎസ്ജിഡി സെക്ഷനിലേക്കായി ഒരു ഓവർസിയറുടെ ഒഴിവ് ഉള്ളതുകൊണ്ട് മുത്തോലി പഞ്ചായത്ത് കമ്മറ്റി ഓവർസിയർ തസ്തികയിലേക്ക് ഇൻറർവ്യൂ വിളിക്കുകയും ഓവർസിയറെ ദിവസവേതനത്തിന് എടുക്കുകയും ചെയ്തു എന്നും ക്ലർക്ക് തസ്തികയിലേക്ക് നിയമിക്കുകയാണെങ്കിൽ ഓവർസിയറുടെ ശമ്പളത്തേക്കാൾ കുറവ് ശമ്പളം കൊടുക്കേണ്ടിവരികയുള്ളൂ എന്നതിനാൽ ശ്രീലത പി എസ്-നെ ക്ലർക്ക് തസ്തികയിൽ നിയമിച്ചുകൊണ്ട് ഓവർസിയറുടെ ജോലികൾ നൽകിയെന്നും മറുപടി നൽകിയിട്ടുണ്ട്. ക്ലർക്ക് തസ്തികയിൽ നിയമിക്കപ്പെട്ടയാൾ ഓവർസിയറുടെ ജോലികൾ ചെയ്യുന്നു എന്നത് യുക്തിക്ക് നിരക്കുന്നതല്ല. ഓവർസിയറുടെ ജോലി സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ളതാണ്. ഓവർസിയർ തസ്തികയിലേക്കാണ് ഇൻറർവ്യൂ നടത്തിയിരുന്നതെങ്കിൽ അതേ തസ്തികയിൽ നിയമിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. തദ്ദേശ സ്വയം ഭരണ(ഇ.പി.എ) വകുപ്പിന്റെ 02.03.09 തീയതിയിലെ 79865/ ഇ.പി.എ1/08/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ പദ്ധതിനിർവ്വഹണം, പെൻഷൻ വിതരണം, കണക്കുകൾ തിട്ടപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട് ജോലിഭാരം ലഘൂകരിക്കുന്നതിന് താത്കാലിക

വേതനാടിസ്ഥാനത്തിൽ ഒരാൾക്ക് 100 പ്രവൃത്തി ദിവസങ്ങൾ മാത്രം ജോലിനൽകാവുന്നതാണ്. എന്നാൽ Sanctioned Strength ൽ ഇല്ലാത്ത ഒരു തസ്തികയിൽ ഒരാളെ സ്ഥിരമായി ദിവസ വേതന അടിസ്ഥാനത്തിൽ നിലനിർത്തുന്നത് ക്രമപ്രകാരമല്ല. ദിവസ വേതന അടിസ്ഥാനത്തിലുള്ള നിയമനം സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-2 കാലവർഷക്കെടുതി-പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ തുകയും, വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

കാലവർഷക്കെടുതിയെ തുടർന്ന് ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ ദുരിതാശ്വാസ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് കണ്ടിജൻസി ഫണ്ട് ലഭ്യമല്ലാത്തതിനാൽ തനതു ഫണ്ട് ലഭ്യമായ പഞ്ചായത്തുകളിൽ നിന്നും 10000/- രൂപ സ്വരൂപിച്ച് ചെലവഴിക്കുന്നതിന് 22.08.18 ലെ ജി2-12156/2012 നമ്പർ കത്ത് മുഖേന പഞ്ചായത്ത് ഡയറക്ടറും ജി4. 6322/2018 തീയതി 22.8.18 നമ്പർ കത്ത് പ്രകാരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തനതു ഫണ്ടിൽ നിന്ന് വൗച്ചർ നം-21800343/23.8.18, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെക്ക് നം. 556819/23.8.18 എന്നിവ മുഖേന 10000/- രൂപ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുള്ളതാണ്. തുക ലഭ്യമാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വിനിയോഗ സാക്ഷ്യപത്രം നൽകുന്നതാണെന്നും ടി തുക പിന്നീട് മടക്കി നൽകുന്നതുമാണ് എന്നും ജി4. 6322/2018/22.8.18 കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത തുക തിരികെ ലഭിച്ചതു സംബന്ധിച്ചുള്ള വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/18.07.19) മേൽ തുക പൂർണ്ണമായും ചെലവഴിച്ച് കഴിയാത്തതിനാൽ ആണ് വിനിയോഗ സാക്ഷ്യപത്രം നൽകാത്തത് എന്നും ഈ മാസം അവസാനത്തോടുകൂടി തുക റീഫണ്ട് ചെയ്ത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുകയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 3-3 അരിയർ തുകകളിൽ നിന്നും എൻപിഎസ്, പഞ്ചായത്ത് വിഹിതം ഈടാക്കിയിട്ടില്ല

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 10% ശമ്പളത്തിൽ നിന്നും ഈടാക്കി പ്രസ്തുത തുകയും പഞ്ചായത്ത് വിഹിതമായ 10% തുകയും ചേർത്ത് ജീവനക്കാരുടെ എൻപിഎസ് അക്കൗണ്ടിൽ വീഴ്ച കൂടാതെ അടവാക്കേണ്ടതാണ്. പഞ്ചായത്തിലെ പങ്കാളിത്ത പെൻഷനിലുൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ഡിഎ കുടിശിക, ശമ്പള പരിഷ്കരണ കുടിശിക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജി.ഓ.(പി) 84/2018/ഫിൻ തീയതി 07.06.18 പ്രകാരം 1.7.2017 മുതൽ 31.5.18 വരെ കാലയളവിൽ അനുവദിച്ച ഡിഎ കുടിശിക ജീവനക്കാർക്ക് ലഭിച്ചപ്പോൾ പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട

ജീവനക്കാർക്ക് ലഭിച്ച തുകയും അടവാക്കേണ്ടിയിരുന്ന എൻപിഎസ് വിഹിതവും താഴെ കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക | ലഭിച്ച ഡിഎ കുടിശിക | ജീവനക്കാരിൽ നിന്നും ഈടാക്കേണ്ട എൻപിഎസ് വിഹിതം | പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കേണ്ട എൻപിഎസ് വിഹിതം |
|---|---|---|---|---|
| 1 | സുനിത തോമസ് എം., ലൈബ്രേറിയൻ | 2880 | 288 | 288 |
| 2 | പ്രീത ആർ. നായർ, ക്ലർക്ക് | 2439 | 244 | 244 |
| | | ആകെ | 1064/- | |

2. ജി.ഓ.(പി) 7/2016/ഫിൻ തീയതി 20.03.18, ജി.ഓ.(പി) 50/2018/ഫിൻ തീയതി 26.03.18 എന്നിവ പ്രകാരം ശമ്പള പരിഷ്കരണ കുടിശിക മൂന്നാം ഗഡു ലഭിച്ചപ്പോൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാർക്ക് ലഭിച്ച തുകയും അടവാക്കേണ്ടിയിരുന്ന എൻപിഎസ് വിഹിതവും താഴെ കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേരും തസ്തികയും | ലഭിച്ച ശമ്പള പരിഷ്കരണ കുടിശിക | ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടിരുന്ന എൻപിഎസ് വിഹിതം | പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കേണ്ട എൻപിഎസ് വിഹിതം |
|---|---|---|---|---|
| 1 | സുനിത തോമസ് എം., ലൈബ്രേറിയൻ | 13588 = 12581 + 1007 (പലിശ) | 1258 | 1258 |
| | | ആകെ | 2516/- | |

3. ജി.ഓ.(പി) 7/2016/ഫിൻ തീയതി 20.03.18, ജി.ഓ.(പി) 146/2018/ഫിൻ തീയതി 16.09.18 എന്നിവ പ്രകാരം ശമ്പളപരിഷ്കരണ കുടിശിക നാലാം ഗഡു ലഭിച്ചപ്പോൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാർക്ക് ലഭിച്ച തുകയും അടവാക്കേണ്ടിയിരുന്ന എൻപിഎസ് വിഹിതവും താഴെ കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേരും തസ്തികയും | ലഭിച്ച ശമ്പള പരിഷ്കരണ കുടിശിക | ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടിരുന്ന എൻപിഎസ് വിഹിതം | പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കേണ്ട എൻപിഎസ് വിഹിതം |
|---|---|---|---|---|
| 1 | സുനിത തോമസ് എം., ലൈബ്രേറിയൻ | 13059 = 12581 + 478 (പലിശ) | 1258 | 1258 |
| 2 | പ്രീത ആർ. നായർ, ക്ലർക്ക് | 5075 = 4889 + 186 (പലിശ) | 489 | 489 |
| | | ആകെ | 3494/- | |

പങ്കാളിത്ത പെൻഷനിലുൾപ്പെട്ടിട്ടുള്ള മേൽ ജീവനക്കാരുടെ ഡിഎ കുടിശിക, ശമ്പള പരിഷ്കരണ കുടിശിക എന്നിവയുടെ എൻ പി എസ് വിഹിതം അടവാക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/19.07.2019) പ്രീത പി നായർ, ക്ലർക്കിന്റെ ഡിഎ കുടിശിക, ശമ്പള പരിഷ്കരണ കുടിശിക എന്നിവയുടെ എൻ പി എസ് വിഹിതം 20.07.2019 ലെ 119010100823 രസീത് പ്രകാരം അടവാക്കിയിട്ടുണ്ടെന്നും ടി തുകയുടെ പഞ്ചായത്ത് വിഹിതം ഉൾപ്പെടെയുള്ള വിഹിതം ബാങ്കിൽ അടവാക്കുന്നതാണെന്നും സുനിത തോമസ് എം., ലൈബ്രേറിയന്റെ എൻ പി എസ് വിഹിതം അടവാക്കുന്നതിന് ടിയാൾ സേവനമനുഷ്ഠിക്കുന്ന പഞ്ചായത്തിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മേൽ ജീവനക്കാരുടെ ഡിഎ കുടിശിക, ശമ്പള പരിഷ്കരണ കുടിശിക എന്നിവയുടെ എൻ പി എസ് വിഹിതം, പഞ്ചായത്ത് വിഹിതം എന്നിവ എൻ പി എസ് അക്കൗണ്ടിൽ അടവാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതും തുടർ വർഷങ്ങളിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എൻപിഎസ് വിഹിതവും പഞ്ചായത്ത് വിഹിതവും കൃത്യമായി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-4 നെയ്യൂർ കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അധിക തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 67/19 |
| ചെലവ് | 160000/- |
| നിർവ്വഹണം | സെക്രട്ടറി |

നെയ്യൂർ കുടിവെള്ളപദ്ധതിയ്ക്ക് മോട്ടോറും അനുബന്ധഉപകരണങ്ങളും വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്കായ 155000/- രൂപ സൂചിപ്പിച്ച അരുൺ ഇലക്ട്രിക്കൽസ് പാലാ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും (പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 2.2.19 ലെ 1-ാം നം തീരുമാനം, പഞ്ചായത്ത് കമ്മിറ്റിയുടെ 6.2.19 ലെ 1(2)-ാം നം.തീരുമാനം)ബിൽ നം.34,35 തീയതി 13.3.19 പ്രകാരം 75000/- രൂപ വീതം പിൻവലിച്ച് സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. തുടർന്ന് 10000/- രൂപ തനതുഫണ്ടിൽ നിന്നും നൽകിയതുൾപ്പടെ ആകെ 1,60,000/- രൂപ സ്ഥാപനത്തിനു നൽകി. എന്നാൽ സ്ഥാപനം സൂചിപ്പിച്ച നിരക്ക് 1,55,000 രൂപയാണ്. അധികം നൽകിയ 5000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി പഞ്ചായത്തുഫണ്ടിൽ അടവാക്കേണ്ടതാണ്.

മേൽ കുടിവെള്ളപദ്ധതി പൂർത്തീകരിച്ചിട്ടില്ല. മോട്ടോറും അനുബന്ധഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും വൈദ്യുതകണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. വൈദ്യുതകണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃസമിതിയ്ക്ക് കൈമാറേണ്ടതുമാണ്.

# 3-5 ഐ എസ് ഒ സർട്ടിഫിക്കേഷൻ - തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഫയൽ സൂക്ഷിപ്പ്

## തൃപ്തികരമല്ല

ഐ എസ് ഒ സർട്ടിഫിക്കേഷൻ പുതുക്കുന്നതിന്റെ ഭാഗമായി ഫയലുകൾ അടുക്കി ക്രമീകരിക്കുന്നതിന് കൂലി നൽകിയ ഇനത്തിൽ തനതുഫണ്ടിൽ നിന്ന് 63210/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഐ എസ് ഒ സർവൈലൻസ് ഓഡിറ്റ് എന്ന പ്രോജക്ടിനു വേണ്ടി തനതുഫണ്ടിൽ 1,30000/- രൂപ വകയിരുത്തുകയും 35773/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഫയലുകളും രേഖകളും യഥാവിധി ക്രമീകരിക്കുന്നതിനാണ് തുക ചെലവഴിച്ചതെങ്കിലും ആയത് ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെട്ടിട്ടില്ല. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ്, ഗ്രാമസഭാ മിനിറ്റ്സ്, വികസന സെമിനാറിന്റെ മിനിറ്റ്സ് തുടങ്ങിയ രേഖകൾ യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിൽ കാലതാമസം നേരിട്ടു. ഫയലുകളോടൊപ്പം ആവശ്യമായ അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല. നിരന്തരം ആവശ്യപ്പെട്ടതിനെത്തുടർന്നാണ് പല ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ഫയലുകൾ കൃത്യമായി അടുക്കി സൂക്ഷിക്കുകയും യഥാസമയം ഓഡിറ്റിന് ഹാജരാക്കുകയും ചെയ്യേണ്ടത് സെക്ഷന്റെയും നിർവ്വഹണോദ്യോഗസ്ഥരുടെയും ചുമതലയായിരിക്കെ ഫയൽ സൂക്ഷിപ്പിന് അധികതുക ചെലവഴിച്ചിട്ടും പ്രയോജനം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 എസ്.സി സ്വാശ്രയ സംഘത്തിന് ശവസംസ്കരണപ്പെട്ടി വാങ്ങി നൽകൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പദ്ധതി | എസ്.സി സ്വാശ്രയ സംഘത്തിന് ശവസംസ്കരണപ്പെട്ടി വാങ്ങി നൽകൽ |
| നം. | SO 131/2019 |
| അടങ്കൽ തുക | 95,000/- |
| ഫണ്ട് ഇനം | എസ്.സി.പി: 85,000/- + ഗുണഭോക്തൃവിഹിതം: 10,000/- |
| ചെലവ് തുക | 95,000/- |
| ബിൽ നം. | 08/2018-19/ 18.12.2018 (85,000/-) |
| പദ്ധതി ലക്ഷ്യം (പദ്ധതി രൂപീകരണ ഫോറം 2 പ്രകാരമുള്ളത്) | എസ്.സി സ്വാശ്രയ സംഘത്തിന് ശവസംസ്കരണപ്പെട്ടി വാങ്ങി നൽകുന്നതിലൂടെ എസ്.സി വിഭാഗത്തിൽപ്പെട്ട ആളുകളുടെ ശവസംസ്കാരത്തിന് ഉപയോഗപ്രദമാക്കുക. പദ്ധതി പ്രകാരം ശവസംസ്കരണപ്പെട്ടി സ്വാശ്രയ സംഘത്തിന് വാങ്ങി നൽകുകയും ഓരോ ശവസംസ്കാരച്ചടങ്ങുകൾക്കും ഇത് ഉപയോഗിക്കുകയും ചെയ്യുക. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

നടപടിക്രമങ്ങളുടെ ഭാഗമായി ടെൻഡർ ക്ഷണിക്കുകയും ടെൻഡർ ഫോറം, ഫോറം II പ്രകാരം ശ്രീ. മധു.കെ.കെ, കിഴക്കേടത്ത്, പുലിയന്നൂർ എന്നയാൾ 90,000/- രൂപയുടെയും, ശ്രീ.നാരായണൻ നമ്പൂതിരി, ഇളമ്പിലക്കാട്ട് ഇല്ലം, പുലിയന്നൂർ എന്നയാൾ 95,000/- രൂപയുടെയും ടെൻഡർ സമർപ്പിച്ചിട്ടുള്ളതാണ്. കുറഞ്ഞ നിരക്ക് സൂചിപ്പിച്ചത് ശ്രീ. മധു.കെ.കെ. എന്നയാളാണ്. എന്നാൽ ടെൻഡർ രജിസ്റ്റർ പേജ് നം. 29 ൽ ശ്രീ. മധു.കെ.കെ എന്നയാൾക്ക് 'same as estimate rate' എന്നും ശ്രീ. നാരായണൻ നമ്പൂതിരിക്ക് '5% below estimate rate' എന്നും തെറ്റായി

രേഖപ്പെടുത്തിയാണ് ശ്രീ. നാരായണൻ നമ്പൂതിരിയുടെ ടെണ്ടർ അംഗീകരിച്ചത്. ടെൻഡർ പ്രകാരം സമർപ്പിച്ചിട്ടുള്ള ശവസംസ്കരണപ്പെട്ടിയുടെ സ്റ്റീലിന്റെ ഗുണനിലവാര ഇനവിവരങ്ങൾ ഉൾപ്പെടുത്തുകയോ ടെൻഡർ ടാബുലേഷൻ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഉല്പന്നങ്ങളെ താരതമ്യപ്പെടുത്തി ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല. പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ 08.11.2018 ലെ തീരുമാനം III പ്രകാരവും, പഞ്ചായത് കമ്മിറ്റിയുടെ 16.11.2018 ലെ തീരുമാനം III (2) പ്രകാരവും ശ്രീ. നാരായണൻ നമ്പൂതിരി, ഇളമ്പിലക്കാട്ട് ഇല്ലം, പുലിയന്നൂർ എന്നയാൾ സമർപ്പിച്ച ടെൻഡറിന് അംഗീകാരം നൽകിയിട്ടുള്ളതാണ്. പദ്ധതി പ്രകാരം ഭിംജി ദർശന പട്ടികജാതി പുരുഷ സ്വയം സഹായ സംഘം, തെക്കുംമുറി, പുലിയന്നൂർ (രജി. നം. 5/LB/MTLY/2014-15) എന്ന എസ്.സി സ്വാശ്രയ സംഘം, ശവസംസ്കരണപ്പെട്ടി ലഭ്യമാക്കി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 19.08.2018 തീയതിയിൽ കത്ത് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരണത്തിന്റെ ഭാഗമായി ശവസംസ്കരണപ്പെട്ടി ടി സംഘത്തിന് രേഖാമൂലം കൈമാറിയതിനോ സംഘം കൈപ്പറ്റിയത് സംബന്ധിച്ചുള്ള രേഖകളോ ഫയലിൽ ലഭ്യമല്ല. പഞ്ചായത്ത് പദ്ധതി പ്രകാരം നൽകിയ ഒരു സംവിധാനം, അതിന്റെ ഉപയോഗവും ഫലപ്രാപ്തിയും ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ടി ശവസംസ്കരണപ്പെട്ടിയുടെ ഉപയോഗം, പരിപാലനം, കൈമാറ്റം ചെയ്യൽ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്തും എസ്.സി സ്വാശ്രയ സംഘവും കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ലഭ്യമായിട്ടില്ല. താരതമ്യേന കുറഞ്ഞ തുക ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ള ശ്രീ. മധു.കെ.കെ യുടെ ടെൻഡർ മറികടന്ന് ശ്രീ. നാരായണൻ നമ്പൂതിരിക്ക് ടെൻഡർ അംഗീകാരം നല്കിയതിനുള്ള മതിയായ കാരണങ്ങൾ ബന്ധപ്പെട്ട കമ്മിറ്റി മിനിട്സിൽ ഉൾപ്പെടുത്തിയിട്ടില്ല. വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും അന്വേഷണക്കുറിപ്പിന് (17/19.07.2019) മറുപടി ലഭിച്ചിട്ടില്ല. ഉപയോഗക്ഷമത താരതമ്യം നടത്തിയില്ലായെന്നു മാത്രമല്ല, കൂടിയ തുകയുടെ ടെൻഡറിന് അംഗീകാരം നൽകുകയും ചെയ്തത് വഴി, നിർവ്വഹണതലത്തിലും ഭരണതലത്തിലും നടപടിക്രമങ്ങൾ പാലിക്കുന്നതിലുള്ള വീഴ്ച വ്യക്തമാണ്. തൻമൂലം പദ്ധതിയുടെ നിർവ്വഹണത്തിൽ 5000/- രൂപയുടെ നഷ്ടം സംഭവിച്ചതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ ചെലവ് തുകയിൽ, 5000/- രൂപയുടെ അധികച്ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു. അധികച്ചെലവ് തുകയായ 5000/- രൂപ, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഭരണസമിതി അംഗങ്ങളിൽനിന്നും തുല്യമായി ഈടാക്കി, ആവശ്യമായ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രോജക്ടിന്റെ നർവ്വഹണത്തിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ നിരാകരിച്ച 5000/- രൂപ ഒഴികെ ബാക്കി 90000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 പദ്ധതി ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ചു

| | |
|---|---|
| പദ്ധതി | എസ്.സി കരിയർ ഗൈഡൻസ് ലൈബ്രറിക്ക് ഫർണീച്ചർ വാങ്ങൽ |
| നം. | SO 133/2019 |
| അടങ്കൽ തുക | 52,990/- |
| ഫണ്ട് ഇനം | എസ്.സി.പി : 47,990/- + തനത് ഫണ്ട് : 5,000/- |
| ചെലവ് തുക | 47,990/- |
| ബിൽ നം. | 02/2018-19/ 29.09.2018 (39,000/-) |

| | |
|---|---|
| | 16/2018-19/ 11.03.2019 (8,990/-) |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

<u>**അംഗീകാരം ലഭിച്ച പദ്ധതി പ്രകാരം വാങ്ങേണ്ടിയിരുന്നത്**</u>

1) അലമാര – 51/2x3x11/2 (20 g) - 05 എണ്ണം

61/2x3x11/2 (20g) –01 എണ്ണം

2) ഡെസ്ക് - 01 എണ്ണം

3) സ്റ്റൈൻലെസ്സ് സ്റ്റീൽ ചെയർ - 03 എണ്ണം

4) വലിയ അലമാര - 01 എണ്ണം

5) സ്റ്റീൽ ടേബിൾ - 01 എണ്ണം

<u>**പദ്ധതി പ്രകാരം വാങ്ങിയത്**</u>

1) ഗ്ലാസ് ഡോർ അലമാര - 06 എണ്ണം

പ്രസ്തുത പദ്ധതി, ഡി.പി.സി അംഗീകാരം നൽകിയ പദ്ധതി വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ചാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ആയതിനാൽ പദ്ധതിയുടെ പൂർണ്ണ ലക്ഷ്യം കൈവരിയ്ക്കാൻ സാധിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തുടർ വർഷങ്ങളിൽ അപാകതകൾ ഒഴിവാക്കി, അംഗീകാരം ലഭിച്ച പദ്ധതികൾക്കുതന്നെ തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതടക്കം പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# 3-8 വൃദ്ധർക്ക് പോഷകമരുന്ന് വിതരണം - പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്ട് നം.30/18-19

ചെലവ് - 3 ലക്ഷം (വികസനഫണ്ട്)

ബിൽ നം.22/30.1.19 – 100555/-

13/15.10.18 – 194076/-

25/21.3.19 – 5369/-

പി എച്ച് സി, മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ട് പ്രകാരം എല്ലാ വാർഡുകളിലുമുള്ള ബി പി എൽ വിഭാഗത്തിൽപ്പെട്ട വൃദ്ധജനങ്ങൾക്ക് പ്രോട്ടീൻ പൗഡർ വിതരണം ചെയ്യുന്നതിന് 3 ബില്ലുകൾ പ്രകാരം 3 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതിൽ 2,89,786 രൂപയുടെ മരുന്നുകൾ പല തവണകളായി ലഭിച്ചിട്ടുണ്ട്. 10214 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ശേഷിക്കുന്നു. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 13-ാം പദ്ധതിമാർഗ്ഗരേഖ ജി ഒ (എം എസ്)11/18/തസ്വഭവ/29.1.18 പ്രകാരം കിടപ്പുരോഗികൾക്ക് പോഷകാഹാരവിതരണം, പകൽവീട് സൗകര്യം ഉപയോഗപ്പെടുത്തുന്നവർക്ക് കുടുംബശ്രീ മുഖേന പാകം ചെയ്ത ഉച്ചഭക്ഷണം നൽകൽ, ആശ്രയ പ്രോജക്ടിൽ ഉൾപ്പെട്ട വൃദ്ധർക്ക് സൗജന്യ ഭക്ഷ്യധാന്യ വിതരണം എന്നിവ നൽകാമെന്നാണ് പ്രതിപാദിക്കുന്നത്. പദ്ധതിമാർഗ്ഗരേഖയിൽയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. അനുമതി കൂടാതെ പ്രോജക്ട് ഏറ്റെടുത്തു നടപ്പാക്കിയത് ക്രമവിരുദ്ധമാണ്.

2)മെഡിക്കൽക്യാമ്പ് നടത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും പരിശോധനയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ആവശ്യമുള്ള മരുന്നുകൾ വാങ്ങുന്നതിനു പകരം പൊതുവായി പ്രോട്ടീൻ പൗഡർ മാത്രമാണ് വാങ്ങിയിട്ടുള്ളത്.

3)ഇവ അങ്കണവാടികൾ മുഖേനയാണ് വിതരണം നടത്തുന്നതെന്ന് അറിയിച്ചെങ്കിലും വിതരണരേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ലഭിച്ച മരുന്നുകൾ എപ്രകാരമാണ് വിതരണം ചെയ്തതെന്നും പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേല്പറഞ്ഞ കാരണങ്ങളാൽ വയോജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി നടപ്പാക്കിയ പ്രോജക്ടിന്റെ ഫലപ്രാപ്തി വിലയിരുത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ 2,89,786/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇനിയും ലഭിക്കാൻ ശേഷിക്കുന്ന 10214/- രൂപയുടെ മരുന്നുകൾ ആവശ്യമെങ്കിൽ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ലഭിക്കുന്നതുവരെ 10214/- രൂപയുടെ ചെലവും തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് രൂപീകരണത്തിലെയും നിർവ്വഹണത്തിലെ അപാകതകൾ ആരോഗ്യകാര്യസ്റ്റാന്റിംഗ് കമ്മിറ്റി വിശദമായി പരിശോധിക്കേണ്ടതും പരിശോധനാറിപ്പോർട്ട് ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

# 3-9 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം./പേര് | 25/19<br>പി എച്ച് സിയ്ക്ക് മരുന്നു വാങ്ങൽ |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക | 300000- |
| ബിൽ നം. /തുക | 6/11.7.18 – 45024/- രൂ<br>14/8.11.18- 14795/- രൂ<br>16/10.12.18-4515/- രൂ<br>17/13.12.18 – 64724/- രൂ<br>19/15.1.19 – 1,30,000/- രൂ<br>20/25.1.19 – 15540/- രൂ |

| | 23/6.3.19 – 25402/- രൂ |
|---|---|

പി എച്ച് സി യ്ക്ക് മരുന്നുകൾ വാങ്ങുന്നതിനുള്ള പ്രോജക്ടിന് വിവിധ ബില്ലുകൾ പ്രകാരം 3 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതിൽ 7581/- രൂപയുടെള്ള മരുന്നുകൾ കൂടി ലഭിക്കാനുണ്ട്. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ 7581/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 എൻ ആർ എച്ച് എം ആയുർവേദാശുപത്രിയുടെ അവസ്ഥ ശോചനീയം - അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ പടിഞ്ഞാറ്റിൻകരയിൽ പ്രവർത്തിക്കുന്ന എൻ ആർ എച്ച് എം ആയുർവേദാശുപത്രിയ്ക്ക് മരുന്നു വാങ്ങുന്നതിന് പ്രോജക്ട് നം.8/18-19 പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡിതരഫണ്ടിൽ 2,50,000 രൂപയും തനതുഫണ്ടിൽ 10000 രൂപയും ഉൾപ്പടെ ആകെ 2,60,000 രൂപ വകയിരുത്തുകയും മരുന്നുകൾ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരുന്നുകൾ സൂക്ഷിക്കുന്നതിനു പോലും സംവിധാനമില്ലാതെ ആയുർവേദാശുപത്രി തികച്ചും ശോചനീയമായ അവസഥയിലാണെന്ന് 19.7.19ൽ നടത്തിയ പ്രാദേശികപരിശോധനയിൽ വ്യക്തമായി. ഒരു ആശുപത്രിയോ ഡിസ്പെൻസറിയോ പ്രവർത്തിക്കുന്നതിന് ആവശ്യമായ യാതൊരു അടിസ്ഥാനസൗകര്യങ്ങളുമില്ലാതെ സ്വകാര്യവ്യക്തി സൗജന്യമായി വിട്ടുനൽകിയ കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിക്കുന്നത്. ഇടുങ്ങിയ രണ്ട് മുറികൾ മാത്രമുള്ള കെട്ടിടം പഴക്കംചെന്നതും ചോർന്നൊലിക്കുന്നതുമാണ്. മെഡിക്കൽ ഓഫീസർക്ക് ഒ.പി നടത്തുന്നതിനോ മരുന്നുകൾ സൂക്ഷിക്കുന്നതിനോ യാതൊരുവിധ സൗകര്യങ്ങളുമില്ല. ജില്ലാമെഡിക്കൽ ഓഫീസറുടെ പരിശോധനാവേളയിൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നതായി കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുന്നതിന് ഉയർന്ന പരിഗണന നൽകിയാവണം വാർഷികപദ്ധതിയിൽ പ്രോജക്ടുകൾ രൂപീകരിക്കേണ്ടതെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ വാർഷികപദ്ധതി രൂപീകരണത്തിൽ ഇക്കാര്യം പരിഗണിച്ചിട്ടില്ല. ഇത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. ആശുപത്രി മാറ്റി സൗകര്യപ്രദമായി സ്ഥാപിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ആരോഗ്യകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും സവിശേഷശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-11 ഹെഡ്മാസ്റ്റർ നടപ്പാക്കിയ പ്രോജക്ടുകൾ - അപാകതകൾ

1)സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം

ചെലവ് - 1 ലക്ഷം(വികസനഫണ്ട്)

6500/- (തനതുഫണ്ട്)

ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള 10നും 18നും മദ്ധ്യേ പ്രായമുള്ള സ്കൂൾകുട്ടികൾക്ക് നീന്തൽപരിശീലനം നൽകുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. തോപ്പൻസ് സ്വിമ്മിംഗ് അക്കാദമി മുഖേനയാണ് പരിശീലനം നടത്തിയത്. ആകെ 71 പേർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഗുണഭോക്തൃതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

വിദ്യാഭ്യാസേതരമേഖലകളിൽ നടപ്പാക്കുന്ന പ്രോജക്ടുകൾക്കെന്ന പോലെ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് പ്രകാരമാണ് സ്കൂൾകുട്ടികൾക്കുള്ള നീന്തൽപരിശീലനവും നടപ്പാക്കിയത്. ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കുന്ന ഇത്തരം പ്രോജക്ടുകൾക്ക് ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ നിന്ന് പരിശീലനം നേടാൻ താല്പര്യമുള്ള കുട്ടികളുടെ ലിസ്റ്റ് പ്രധാനാദ്ധ്യാപകരുടെ സാക്ഷ്യപത്രത്തോടു കൂടി ശേഖരിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥനു കൈമാറേണ്ടതുമാണ്. എങ്കിൽ മാത്രമേ പ്രോജക്ട് യഥാർത്ഥലക്ഷ്യം കൈവരിക്കുകയുള്ളൂ. ഗുണഭോക്തൃതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

2)എസ് എസ് എ പ്രോജക്ട് - വിനിയോഗസാക്ഷ്യപത്രത്തിൽ വിനിയോഗവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

പ്രോജക്ട് നം.9/18-19

ചെലവ് - 2 ലക്ഷം

പ്രോജക്ട് നം.46/18-19

ചെലവ് - 50000(എസ് സി പി)

മേല്പറഞ്ഞ രണ്ട് പ്രോജക്ടുകൾ പ്രകാരം 2,50,000 രൂപ എസ്എസ്എയ്ക്കു കൈമാറിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും വിനിയോഗവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിച്ചു എന്നത് ഉറപ്പാക്കാൻ സാധിക്കുന്നില്ല. തന്മൂലം പദ്ധതി രൂപീകരണവേളയിൽ പഞ്ചായത്തിന്റെ വിദ്യാഭ്യാസപ്രോജക്ടുകൾ എസ് എസ് എ പ്രോജക്ടുകളുമായി ഇരട്ടിക്കാൻ ഇടവരുന്നില്ല എന്നത് ഉറപ്പാക്കാൻ സാധിക്കുന്നില്ല. തുടർവർഷങ്ങളിലും പ്രോജക്ട് നടപ്പാക്കേണ്ടതുള്ളതിനാൽ വിനിയോഗവിവരങ്ങൾ സഹിതം വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേകശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# 3-12 വെള്ളിയേപ്പള്ളി എൽ.പി.എസ് കഞ്ഞിപ്പുര നിർമ്മാണം - പൂർത്തിയാക്കാത്ത കെട്ടിടത്തിന് ട്രസ് വർക്ക്

| പ്രോജക്ട് നം. | 184/19 |
|---|---|
| | |

| | |
|---|---|
| എം ബുക്ക് നം. | 83/19 |
| അടങ്കൽ | 200000/- |
| ആകെ പ്രവൃത്തിമൂല്യം | 190949 |
| ബിൽ നം. | 100/18-19/26.03.2019 |
| തുക | 190949 |
| കൺവീനർ | ജോർജ് ജോസഫ് |

വെള്ളിയേപ്പള്ളി എൽ.പി.എസ് ന് കഞ്ഞിപ്പുര നിർമ്മാണം എന്ന പ്രവൃത്തിയിൽ മുൻ വർഷങ്ങളിൽ പണിപൂർത്തിയാക്കാതെ സ്ട്രക്ചറൽ വർക്ക് മാത്രം ഭാഗികമായി പൂർത്തിയായ കെട്ടിടത്തിന് ട്രസ് വർക്ക് നടത്തിയതായി ഓഡിറ്റ് വിഭാഗം 19/07/2019 ന് നടത്തിയ സൈറ്റ് പരിശോധനയിൽ വ്യക്തമായി. ബ്രിക്ക് വർക്ക്, റൂഫ് കോൺക്രീറ്റിംഗ് എന്നിവ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. പ്ലാസ്റ്ററിംഗ് ജനൽ, വാതിൽ കട്ടിളകൾ ഘടിപ്പിക്കൽ, ഫ്ലോറിംഗ്, മറ്റ് ഫിനിഷിംഗ് ജോലികൾ എന്നിവ നടത്താൻ അവശേഷിക്കുന്നതും പണി പൂർത്തിയാകാത്തതുമായ കെട്ടിടത്തിൽ ഇപ്രകാരം ട്രസ് വർക്ക് നടത്തിയത് പ്രായോഗികതയില്ലാത്ത നിർമ്മാണ പ്രവൃത്തിയാണ്. ജി.ഒ.(എം.എസ്) നം. 362/2013 തസ്വഭവ/16.11.2013 ഖ.11, 13 XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ കഞ്ഞിപ്പുര നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇക്കാര്യം വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. ഉദ്ദേശലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ് തുക ₹190949 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർമ്മാണം പൂർത്തിയാക്കി വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-13 കാലിബാരലുകളുടെ വില ഈടാക്കിയിട്ടില്ല

സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ 16.4.2.1അനുസരിച്ച് ടാറിംഗ് പ്രവൃത്തികളിൽ കാലിബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് വില നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്. താഴെപറയുന്ന പ്രവൃത്തികളിൽ കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല.

| പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|
| ചെമ്മണ്ണിക്കൽ ചെറുപുഷ്പം റോഡ് മെയിന്റനൻസ്<br>പ്രോജക്ട് നം 95/18-19എം ബുക്ക് നം18/18-19<br>കരാറുകാരൻ -ബിബിൻ ബേബി | 12 | 2856 +ജി.എസ്.റ്റി 514 |
| തേവരുമറ്റം ഇടയാത്ത് ഗണപതി റ്റെമ്പിൾ റോഡ് മെയിന്റനൻസ്<br>പ്രോജക്ട് നം 62//18-19 | 6 | വില 1428/-<br>ജി.എസ്.ടി 18% 257/- |

| | | |
|---|---|---|
| എം ബുക്ക് നം 21/18-19<br>കരാറുകാരൻ -സജീവ് ബി | | |
| തെക്കുംമുറി ആക്കക്കുന്ന് റോഡ് റീടാറിങ്ങ് പ്രോജക്ട് നം 93//18-19<br>എം ബുക്ക് നം 17/18-19<br>കരാറുകാരൻ -ബിബിൻ ബേബി | 12 | വില 2856/-<br>ജി.എസ്.ടി 18% 514/- |
| നെയ്യൂർ ഒരപ്പാങ്കൽ റോഡ് മെയിന്റനൻസ് പ്രോജക്ട് നം 90//18-19<br>എം ബുക്ക് നം 07/18-19<br>കരാറുകാരൻ -റോയിഎബ്രഹാം | 14 | വില3332/-<br>ജി.എസ്.ടി 18% 600/- |
| പടിഞ്ഞാറ്റിൻകര മുഴവന്നൂർ റോഡ് റീടാറിങ്ങ് പ്രോജക്ട് നം 99//18-19<br>എം ബുക്ക് നം 19/18-19<br>കരാറുകാരൻ -ബിബിൻ ബേബി | 17 | വില4046/-<br>ജി.എസ്.ടി 18% 729/- |
| ആകെ | 61 | 14518+2614 |

ഇതു സംബന്ധിച്ച് 1/16.7.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് 19.7.2019 ൽ വിവിധ രസീതുകൾ പ്രകാരം തുക ഈടാക്കിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-14 കാലിബാരലുകൾ വിലയോടൊപ്പം ജി.എസ്.റ്റി ഈടാക്കാത്തത്

സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ 16.4.2.1അനുസരിച്ച് ടാറിംഗ് പ്രവൃത്തികളിൽ കാലിബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് വില നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്. താഴെപറയുന്ന പ്രവൃത്തികളിൽ കാലിബാരൽ വില ഈടാക്കിയെങ്കിലും ജി.എസ്.റ്റി ഈടാക്കിയിട്ടില്ല.

| പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|
| ഇട്ടങ്ങാടി ചെറുകര റോഡ് റീടാറിങ്ങ് റോഡ് മെയ്ന്റനൻസ്<br>പ്രോജക്ട് നം 13/18-19<br>എം ബുക്ക് നം10/18-19<br>കരാറുകാരൻ -റോയി എബ്രഹാം | 13 | 13x238 =3094 +ജി.എസ്.റ്റി 18%-557ഈടാക്കേണ്ടതാണ്. |
| എം എൽ എ റോഡ് ജംഗ്ഷൻ നെല്ലും തടം റോഡ് മെയിന്റനൻസ്<br>പ്രോജക്ട് നം 70//18-19 | 5 | വില -5X238=1190/- |

| | | |
|---|---|---|
| എം ബുക്ക് നം 48/18-19<br>കരാറുകാരൻ -സജീവ് ബി | | ജി.എസ്.ടി 18%<br>-215ഈടാക്കേണ്ടതാണ്. |
| എം എൽ എ റോഡ് ജംഗ്ഷൻ നെല്ലം തടം റോഡ് ടാറിങ്ങ് പ്രോജക്ട് നം 74/18-19.എം ബുക്ക് നം 50/18-19<br>കരാറുകാരൻ -സജീവ് ബി | 5 | വില 1190/-<br>ജി.എസ്.ടി 18% 215/- |

ഇത സംബന്ധിച്ച് 2/16.7.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിനെതുടർന്ന് 19.07.2019 ൽ വിവിധ രസീതുകൾ പ്രകാരം തുക അടവാക്കിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-15 ശബരിമല സ്പെഷ്യൽ ഗ്രാന്റ് വിനിയോഗിക്കാതെ അവശേഷിക്കുന്നു

ശബരിമല തീർത്ഥാടനത്തിന് ഇടത്താവളമായി ഉപയോഗിക്കുന്ന കടപ്പാട്ടൂർ ക്ഷേത്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്പെഷ്യൽ ഗ്രാന്റായി ലഭിച്ച തുകകൾ വകയിരുത്തി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. ഗ്രാന്റായി ലഭിച്ച തുക പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നം 4326000100027957 വിനിയോഗിക്കാതെ അവശേഷിക്കുന്നു. തീർത്ഥാടകർ ധാരാളമായി എത്താറുള്ള പ്രധാന ഇടത്താവളമായ ക്ഷേത്രത്തിന് വിരിപ്പന്തൽ, ശുചിമുറി സഞ്ചയം എന്നിവ അത്യാവശ്യമാണ്. എന്നാൽ ഫണ്ട് ലഭ്യമായിരുന്നിട്ടും മേൽപ്പറഞ്ഞ സൗകര്യങ്ങളൊരുക്കാൻ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഫണ്ട് വിനിയോഗ മാർഗ്ഗരേഖ പാലിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ശബരിമല സ്പെഷ്യൽ ഗ്രാന്റ് 2018-19 വർഷത്തെ വരവ്, നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1105102 |
| വരവ് * | 500000 |
| പലിശ | 37996 |
| ആകെ | 1643098 |
| ചെലവ് | ഇല്ല |
| നീക്കിയിരിപ്പ് | 1643098 |

*2018-19 വർഷം സ്പെഷ്യൽ ഗ്രാന്റായി ലഭിച്ച തുക രൂ 500000/- തനത് ഫണ്ട് സൂക്ഷിക്കുന്ന ട്രഷറി റ്റിഎസ് ബി അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിരിക്കുന്നത്.

# 3-16 പ്രത്യേക കന്നുകുട്ടി പരിപാലനം വനിതകൾക്ക് - വിനിയോഗവിവരങ്ങൾ ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി | പ്രത്യേക കന്നുകുട്ടി പരിപാലനം വനിതകൾക്ക് |
| പദ്ധതി നം | SO137/ 2019 |
| ആകെ അടങ്കൽ | 3,00,000/- |
| ഗുണഭോക്താക്കൾ | 12 |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ടി പദ്ധതിക്കായി 75,000/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതി, കോട്ടയം എന്ന പേരിൽ കോട്ടയം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം: 708011400000050) (ബിൽ നം. : 01/2018-19/09.10.2018). എന്നാൽ ടി പദ്ധതിയുടെ പൂർത്തീകരണ കാലാവധി പൂർത്തിയായിട്ടില്ലാത്തതിനാൽ പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഹാജരാക്കേണ്ടതാണ്.

# 3-17 വിനിയോഗവിവരം ലഭിച്ചിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 152/19 |
| ചെലവ് | 75048 (വികസനഫണ്ട്) |
| ബിൽ നം. | 1/23.5.18 – 10033 രൂ<br>2/23.5.18- 29985 രൂ<br>4/20.6.18 – 35030 രൂ |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ഓട്ടോമാറ്റിക് സ്ട്രീറ്റ്മെയിൻ കൺട്രോൾ ഘടിപ്പിക്കുന്നതിനും സ്ട്രീറ്റ് ലൈൻ നീട്ടലിനുമായി മേല്പറഞ്ഞ 3 ബില്ലുകൾ പ്രകാരം 75048 രൂപ അസി. എഞ്ചിനിയർ, ഇലക്ട്രിക്കൽ സെക്ഷൻ, പൈക പേർക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗവിവരം ലഭിച്ചിട്ടില്ല. ആയതിനാൽ 75048/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-18 ലൈഫ് ഭവന പദ്ധതി അവലോകനം

2018-19 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതി ആരംഭിച്ചു. പദ്ധതിയിൽ ജനറൽ

വിഭാഗത്തിൽ 15ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. എസ്.റ്റി.വിഭാഗത്തിലും എസ്.സി. വിഭാഗത്തിലും അർഹരായ ഗുണഭോക്താക്കളുണ്ടായിരുന്നില്ല എന്ന് വി.ഇ.ഒ അറിയിച്ചു. ആകെ 10 ഗുണഭോക്താക്കളും കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചിരുന്നു. 9 ഗുണഭോക്താക്കളും ഭവനനിർമ്മാണം 2018-19 ൽ തന്നെ പൂർത്തിയാക്കി. 1 ഗുണഭോക്താവ് ഭവനനിർമ്മാണം 2019 ജൂണിൽ പൂർത്തിയാക്കി. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരം | വികസനഫണ്ട് | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ലോൺ വിഹിതം | സംസ്ഥാന സർക്കാർ വിഹിതം | ആകെ |
|---|---|---|---|---|---|---|
| ജനറൽ (വകയിരുത്തൽ) | 2200000 | 380330 | 183528 | 1276142 | 360000 | 4400000 |
| ചെലവ് | 2200000 | 380330 | 183528 | 1136142 | 100000 | 4000000 |

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ളാലം | 07.07.18 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ളാലം | 07.07.18 | 200000 | പരിരക്ഷ പാലിയേറ്റീവ് കെയർ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ളാലം | 13.08.18 | 380330 | ലൈഫ് ഭവനനിർമ്മാണം (ജനറൽ) | 380330 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ളാലം | 15.06.18 | 54000 | XI-ാം വാർഡിൽ തെരുവ് വിളക്ക് ഫിറ്റിംഗ്സ് വാങ്ങൽ | 54000 | 0 |
| **ആകെ** | | **734330** | | | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 22.09.18 | 183528 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 183528 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 14.03.19 | 400000 | എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി | 129473 | 270527 |
| **ആകെ** | | **583528** | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകി

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം., തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | പ്രോജക്ട് നം. 152/2019 മുത്തോലി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകളിൽ ഓട്ടോമാറ്റിക് സ്ട്രീറ്റ് മെയിൻ കൺട്രോൾ ഘടിപ്പിക്കലും സ്ട്രീറ്റ് ലൈൻ നീട്ടലും | വൗച്ചർ നം. 21800373/ 16.05.18 | 29985 | 29985 | 0 |
| | | 21800374/ 18.05.18 | 10033 | 10033 | 0 |
| “ | “ | 21800575/ 04.06.18 | 35030 | 35030 | 0 |
| | **ആകെ** | | **75048** | **75048** | **0** |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | ബാങ്ക്/ ലോൺ അക്കൗണ്ട് നം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി- കെ യു അർ ഡി എഫ് സി ലോൺ | ജി ഒ (എം.എസ്) 68/2018/എൽ എസ് ജി ഡി തീയതി 18.05.2018 | 1604181 | കെ യു അർ ഡി എഫ് സി | 0 | 1604181 | 0 | 0 | 1604181 |
| ആകെ | | 1604181 | | 0 | 1604181 | 0 | 0 | 1604181 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഭാഗമായ 31.03.2019-ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

2018-19 റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര്, തുക ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തികവർഷത്തെ കണക്കുകളുടെ സംക്ഷിപ്തവും തയ്യാറാക്കേണ്ടതാണ്.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 71892398.05 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49267053.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 663578 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 5000 | ശ്രീമതി. ലിറ്റി തോമസ്, സെക്രട്ടറി |
| 3-6 | | 5000 | ശ്രീ. ദേവേഷ് എസ്. അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 90000 | ശ്രീ. ദേവേഷ് എസ്. അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 300000 | ഡോ. ജിന്റു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ |
| 3-9 | 7581 | ഡോ. ജിന്റു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ |
| 3-12 | 190949 | ശ്രീ. അനിൽകുമാർ ഡി. അസി. എഞ്ചിനീയർ |
| 3-17 | 75048 | ശ്രീ. സജിത്ത് മാത്യൂസ്, സെക്രട്ടറി |
| ആകെ | 663578 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| ശ്രീമതി. ലിറ്റി തോമസ്, സെക്രട്ടറി | സെക്രട്ടറി, മുത്തോലി ഗ്രാമപഞ്ചായത്ത് | വെള്ളാലിൽ, ളായിക്കാട്, പെരുന്ന പി.ഒ. ചങ്ങനാശ്ശേരി |
| ശ്രീ. ദേവേഷ് എസ്. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മുത്തോലി ഗ്രാമപഞ്ചായത്ത് | ദേവീവിലാസം, കൊടുങ്ങൂർ, വാഴൂർ പി.ഒ. |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95 | എൽ.എഫ്.കെ.പി.2/716/97/7.10.97/ 6.1.98 | 5 | |
| 1995-96 | എൽ.എഫ്.കെ.പി.2/1118/98/ 15.1.99 | 5 | |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി.7/അദാ/18/214(1)/ 18/06.03.18 | 2 | |
| 98-99 വരവ് | എൽ.എഫ്.കെ.പി-5/553/08/9.11.09 | | |
| 2000-01, 2001-02പ്ലാൻ | എൽ.എഫ്.കെ.പി.7/570/ അദാ/14(3)/ 26.11.14 | 2 | |
| 2000-01 | എൽ.എഫ്.കെ.പി.7/1459/ 17/23.03.17 | 12 | |
| 2001-02 | എൽ.എഫ്.കെ.പി.7/570/അദാ/14(4) 26.11.14 | 3 | |
| 2002-03 | എൽ.എഫ്.കെ.പി.7/470/05/9.9.05 | 17 | |
| 2003-04 | എൽ.എഫ്.കെ.പി.7/അദാ/ 18/214(3)/18, 3.3.18 | 9 | |
| 2004-05 | എൽ.എഫ്.കെ.പി.7/938/ 15/16.4.2016 | 2 | |
| 2005-06 | എൽ.എഫ്.കെ.പി.7/അദാ/18/214(4)/ 6.3.18 | 3 | |
| 2006-07 | എൽ.എഫ്.കെ.പി.7/804/09/9.10.09 | 8 | |
| 2008-09 | എൽ.എഫ്.കെ.പി.7/1459(4)പി6/ 20.03.2017 | 3 | |
| 2009-10 | എൽ.എഫ്.കെ.പി.7/1197/ 12/4.1.2013 | 4 | |
| 2010-11 | എൽ.എഫ്.കെ.പി.7/19/14/20.3.14 | 7 | |
| 2011-12 | എൽ.എഫ്.കെ.പി.7/1512/ 13/3.11.13 | 6 | |
| 2012-13 | എൽ.എഫ്.കെ.പി.7/ 270/15/18.4.15 | 3 | |
| 2013-14 | എൽ.എഫ്.കെ.പി.7/15/17, 30.5.17 | 4 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി7/14/ 17/3.4.17 | 6 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി7/320/17/ | 11 | |

| | | | |
|---|---|---|---|
| | 02.06.2017 | | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി7/236/18/ 3.3.18 | 12 | |
| 2017-18 | കെ.എസ്.എകെ.ടി.എം.പി7/1979/18/ 3.3.18 | 19 | |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# <u>അനുബന്ധം - 1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ-കെ.ടി.എം.പി.7/1343/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം,
ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 26.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ്

സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**